# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2590** **18.08.2017 ൽ മറുപടിക്ക്**

**വൈക്കം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. സി.കെ. ആശ | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അക്കരപ്പാടം-കൂട്ടുങ്കൽ പാലം, മൂലേക്കടവ് പാലം, ചെമ്പ് വാലയിൽ പാലം, വൈക്കം-വെച്ചൂർ റോഡ് വികസനം എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | അക്കരപ്പാടം-കൂട്ടുങ്കൽ പാലം - എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>മൂലേക്കടവ് പാലം - ജനറൽ ഡ്രോയിംഗ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ചെമ്പ് വാലയിൽ പാലം - ഡി പി ആർ കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br>വൈക്കം-വെച്ചൂർ റോഡ് വികസനം - ഇൻവെസ്റ്റിഗേഷൻ നടക്കുന്നു. |
| ബി) | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാക്കേത്തറ-കല്ലറ- കപിക്കാട് റോഡ് നിർമ്മാണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ; | ബി) | വാക്കേത്തറ - കല്ലറ - കപിക്കാട് റോഡ് നിർമ്മാണം ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. |
| സി) | വൈക്കത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | സി) | വൈക്കത്ത് അഞ്ച് നിലകളുള്ള മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| ഡി) | വൈക്കം മുറിഞ്ഞപുഴ ആറിന് കുറുകെയുള്ള പാലത്തിൽ ഏർപ്പെടുത്തിയ ടോൾ പിരിവ് എന്ന് നിർത്തലാക്കുമെന്ന് വ്യക്തമാക്കുമോ? | ഡി) | വൈക്കം മുറിഞ്ഞപുഴ ആറിന് കുറുകെയുള്ള പാലത്തിൽ ഏർപ്പെടുത്തിയ ടോൾ പിരിവ് എന്ന് നിർത്തലാക്കാം എന്ന തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ